"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം - വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥലംമാറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **O.A 1562/2025** നമ്പർ കേസിലെ അന്തിമ ഉത്തരവ് - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**3831/2026/GEDN** തീയതി, തിരുവനന്തപുരം, **08-06-2026**

---

പരാമർശം:-

1. സ.ഉ.(കൈ) നം.**152/2021**/പൊ.വി.വ. തീയതി: **29.06.2021**
2. സ.ഉ.(കൈ) നം.**288/2021**/പൊ.വി.വ. തീയതി: **24.12.2021**
3. സ.ഉ.(കൈ) നം.**170/2023**/പൊ.വി.വ. തീയതി: **06.11.2023**
4. സ.ഉ.(കൈ) നം.**4/2024/P&ARD** തീയതി: **16.05.2024**
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **O.A 1085/2025** നമ്പർ കേസിലെ **27.06.2025** തീയതിയിലെ ഉത്തരവ്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (**VHSE** വിഭാഗം) **30.08.2025** തീയതിയിലെ **VHSE/2048/2025-E6** നമ്പർ നടപടിക്രമം
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **O.A 1562/2025** നമ്പർ കേസിലെ **19.11.2025** തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ രാജകുമാരി ഗവ. വി.എച്ച്.എസ്.എസ്-ലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. സുരേഷ് കുമാർ എൻ. കെ, **2025-2026** പൊതുസ്ഥലമാറ്റത്തിൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന കൊല്ലം മുട്ടറ ഗവ. വി.എച്ച്.എസ്.എസ്-ൽ സ്ഥലംമാറ്റം ലഭിക്കാത്തതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ **OA No.1562/2025** ഫയൽ ചെയ്യുകയും ബഹു. ട്രൈബ്യൂണൽ പരാമർശം (**7**) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

***In the circumstance, the Original Application is disposed of with a direction to the 1st respondent to consider and pass orders on Annexure A21 appeal after taking note of the contentions and also after affording an opportunity of hearing to the applicant, the 3rd respondent and Shine Bose, who is not a party in the application, and to pass orders within a period of two weeks.***

(2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷകൻ ശ്രീ. സുരേഷ് കുമാർ എൻ. കെ-യെ 20/2/2026-ന് പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽ കേൾക്കുകയും, പ്രസ്തുത ഹിയറിംഗിൽ ശ്രീ. പ്രദീപ് പി, ശ്രീ. ഷൈൻ ബോസ് ബി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി എന്നിവരും പങ്കെടുത്തു. ശ്രീ. സുരേഷ് കുമാർ എൻ. കെ ഉന്നയിച്ച പ്രധാന വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) പരാതിക്കാരനായ സുരേഷ് കുമാർ എൻ. കെ 01-09-2011-ൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അക്കൗണ്ടിംഗ് ആൻഡ് ഓഡിറ്റിംഗ് ആയി ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷം 10-07-2013 -ൽ ടിയാൻ കൊല്ലം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ് മുട്ടറയിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടു. അഞ്ചുവർഷം പൂർത്തിയാക്കിയതിനു ശേഷം 25-07-2018-ൽ വീണ്ടും പാലക്കാട് ജില്ലയിലെ ജി.വി.എച്ച്.എസ്.എസ് വട്ടേനാട് എന്ന സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുകയുണ്ടായി.

(b) നാലുവർഷത്തിലധികം പാലക്കാട് ജില്ലയിൽ തുടർന്നതിനുശേഷം സുരേഷ് കുമാർ സ്വന്തം ജില്ലയായ കൊല്ലത്തേക്ക് 2022-23 ജനറൽ ട്രാൻസ്ഫറിൽ ആപ്ലിക്കേഷൻ സമർപ്പിച്ചു. എന്നാൽ സ്വന്തം ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകുന്നതിന് പകരം ടിയാനെ ഇടുക്കി ജില്ലയിലെ രാജകുമാരിയിലേക്ക് 28-02-2022 ഓർഡർ പ്രകാരം ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്.

(c) ഇതിനെതിരെ പരാതിക്കാരൻ വികലാംഗർക്ക് ആയുള്ള സംസ്ഥാന കമ്മീഷൻ മുൻപാകെ പരാതി സമർപ്പിക്കുകയും 01-05-2023-ന് കൊല്ലം ജില്ലയിലെ മുട്ടറ സ്കൂളിൽ വന്ന വേക്കൻസിയിലേക്ക് നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 2024-25 ജനറൽ ട്രാൻസ്ഫറിൽ പരാതിക്കാരനെയും പരിഗണിക്കാം എന്നുള്ള ഉറപ്പിന്മേൽ ടി പരാതി തീർക്കുകയാണ് ഉണ്ടായത്.

(d) എന്നാൽ ആ ട്രാൻസ്ഫറിലും പരാതിക്കാരന് കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകിയില്ല. പകരം ശ്രീ. ഷിനുകുമാർ. എസ്-നാണ് കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകിയത്. ഇതിനെതിരെ പരാതിക്കാരൻ വീണ്ടും വികലാംഗർക്ക് ആയുള്ള സംസ്ഥാന കമ്മീഷനെ സമീപിക്കുകയുണ്ടായി. കമ്മീഷന്റെ ഉത്തരവ് പ്രകാരം 24-11-2024-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം പരാതിക്കാരന് കൊല്ലം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ് മുട്ടറയിലേക്ക് ടാൻസ്ഫർ നൽകുകയുണ്ടായി.

(e) ഇത്തരത്തിൽ ട്രാൻസ്ഫർ ചെയ്തപ്പോൾ ടി ട്രാൻസ്ഫർ അടുത്ത ജനറൽ ട്രാൻസ്ഫർ സമയത്ത് പുനഃപരിശോധിക്കുമെന്ന കണ്ടീഷനോട് കൂടിയാണ്

നൽകിയത്.

(f) ഇതിനെതിരെ പരാതിക്കാരൻ 24.05.2025 സർക്കാർ മുൻപാകെ ആക്ഷേപം സമർപ്പിക്കുകയുണ്ടായി. കാരണം 2025-26 പൊതു സ്ഥലം മാറ്റത്തിനായുള്ള ഒഴിവുകളുടെ പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ പരാതിക്കാരന്റെ പോസ്റ്റും ഒഴിവായാണ് കാണിച്ചിരുന്നത്.

(g) പൊതുവിദ്യാഭ്യാസ ഡയറക്ടർ പൊതു സ്ഥലംമാറ്റത്തിനായുള്ള ഒഴിവുകളുടെ കരട് ലിസ്റ്റ് അന്തിമമാക്കുകയും അതിനെതിരെ പരാതിക്കാരൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ ഒബ്ജക്ഷൻ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പരാതിക്കാരന്റെ ഒബ്ജക്ഷൻ വേണ്ടത്ര പരിഗണന നൽകി കൺസിഡർ ചെയ്യാതെ പരാതിക്കാരനെക്കാൾ ജൂനിയർ ആയ ശ്രീ. പി. പ്രദീപിനെ കൊല്ലം ജില്ലയിലെ മുട്ടറയിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്.

(h) ഒപ്പം തന്നെ പരാതിക്കാരനെ ഇടുക്കി ജില്ലയിലെ രാജകുമാരിയിലേക്കും അതിനെതിരെ 25-09-2025-ന് പരാതിക്കാരൻ സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കുകയും പരാമർശം (7) ഉത്തരവ് പ്രകാരം രണ്ടുമാസത്തിനുള്ളിൽ പരാതിക്കാരനെയും മറ്റ് അനുബന്ധ കക്ഷികളെയും കേട്ട് തീരുമാനമെടുക്കാൻ ഉത്തരവ് ഉണ്ടായി.

(i) 2024-ൽ പരാതിക്കാരനെ കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകുന്ന സമയത്ത് അദ്ദേഹത്തിന് ആറു വർഷത്തിലധികം തുടർച്ചയായ ഔട്ട് സ്റ്റേഷൻ സർവീസ് ഉണ്ടായിരുന്നു. മാത്രവുമല്ല 2024-ലെ ജനറൽ ട്രാൻസ്ഫറിൽ കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ അനുവദിച്ച ശ്രീ. ഷിനു കുമാർ എസ്-നേക്കാൾ കൂടുതൽ ഡിസെബിലിറ്റി ഉള്ള ആളാണ് പരാതിക്കാരൻ എന്ന വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കണ്ടെത്തലിനെ തുടർന്നാണ് പരാതിക്കാരന് കൊല്ലം ജില്ലയിൽ പോസ്റ്റിംഗ് നൽകിയത്.

(j) 2025 ജനറൽ ട്രാൻസ്ഫറിൽ കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകിയ ശ്രീ.പ്രദീപ്.പി പരാതിക്കാരനേക്കാളും സർവീസിൽ ജൂനിയറാണ് മാത്രവുമല്ല കൊല്ലം ജില്ല അദ്ദേഹത്തിന്റെ സ്വന്തം ജില്ലയാണ് എന്നതിൽ കൂടുതൽ പ്രയോറിറ്റി ഒന്നും അവകാശപ്പെടാൻ ഇല്ലാത്ത ആളുമാണ്.

(k) സർവീസിൽ പ്രവേശിച്ചതിനു ശേഷം പരാതിക്കാരന് ഒമ്പത് വർഷം ഔട്ട് സ്റ്റേഷൻ സർവീസും അഞ്ചുവർഷം ഹോംസ്റ്റേഷൻ സർവീസുമാണ് ഉള്ളത്. 2025-ലെ ജനറൽ ട്രാൻസ്ഫറിൽ പരാതിക്കാരനെ കൊല്ലം ജില്ലയിൽ നിന്ന് ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് അദ്ദേഹം കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് മാസങ്ങൾ മാത്രമേ ആയിരുന്നുള്ളൂ.

(l) ട്രാൻസ്ഫർ ചട്ടങ്ങൾ പ്രകാരം കൊല്ലം ജില്ലയിൽ 5 വർഷം വരെ തുടരാൻ

അവകാശമുള്ള പരാതിക്കാരനെ ഇക്കാര്യങ്ങൾ ഒന്നും പരിഗണിക്കാതെ ദുർഘട മേഖലയായ ഇടുക്കി ജില്ലയിലെ രാജകുമാരിയിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്.

(m) കൊല്ലം ജില്ലയ്ക്ക് അടുത്ത ജില്ലയായ പത്തനംതിട്ട ജില്ലയിലെ കൂടൽ സ്കൂളിലേക്ക് പരിഗണിക്കുന്നതിന് പകരം പരാതിക്കാരൻ ഓപ്റ്റ് ചെയ്യാത്ത ഇടുക്കി ജില്ലയിലെ രാജകുമാരിയിലേക്കാണ് ചെയ്തത്.

(n) ഒറിജിനൽ ആപ്ലിക്കേഷനോടൊപ്പം സമർപ്പിച്ച അനുബന്ധം A19 ട്രാൻസ്ഫർ ഓർഡർ ഇറക്കുന്ന സമയത്ത് പരാതിക്കാരനെ 9 വർഷം ഔട്ട് സ്റ്റേഷൻ സർവീസും പരാതിക്കാരൻ ഒരു ഡിഫറെന്റ്ലി ഏബിൾഡ് ആണെന്നും 24-11-2024 പോസ്റ്റ് ചെയ്യുന്നതിന് ശേഷം ഒരു വർഷം തികയുന്നതിന് മുൻപേ ആണ് ടിയാനെ ദുർഘടമേഖലയായ ഇടുക്കി ജില്ലയിലെ രാജകുമാരിയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് എന്നും പരിഗണിക്കാതെയാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുബന്ധം 20 ഉത്തരവ് ഇറക്കിയിട്ടുള്ളത്.

(o) അതിനാൽ സമക്ഷത്തു നിന്നും ദയവുണ്ടായി 25-09-2025-ലും 24-05-2025-ലും പരാതിക്കാരൻ സർക്കാരിൽ സമർപ്പിച്ച ഹർജികൾ പരിഗണിച്ച് ടിയാനെ കൊല്ലം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ് മുട്ടറയിലേക്ക് തന്നെ പുനർ നിയമനം നൽകി സഹായിക്കണമെന്ന് താഴ്മയോടെ അപേക്ഷിച്ചു.

(3) ശ്രീ. പ്രദീപ് പി ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) 2025 സെപ്റ്റംബർ മാസത്തെ ജനറൽ ട്രാൻസ്ഫർ പ്രകാരം കാസർഗോഡ് കോട്ടപ്പുറം CHMKS GVHS സ്കൂളിൽ നിന്നും സ്വദേശമായ കൊല്ലം ജില്ലയിലെ മുട്ടറ സ്കൂളിൽ സ്ഥലംമാറ്റം കിട്ടി.

(b) 2011-ൽ VHSE യിൽ ജോയിൻ ചെയ്ത തനിക്ക് 15-ാമത്തെ വർഷമാണ് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം കിട്ടുന്നത്. കാസർഗോഡ് ജില്ലയിൽ 3 വർഷം പൂർത്തിയാക്കിയതുൾപ്പടെ 5093 ദിവസത്തെ ഔട്ട് സ്റ്റേഷൻ സർവ്വീസ് തനിക്കുണ്ട്.

(c) ട്രാൻസ്ഫർ 2025 റൂൾ പ്രകാരം കംപാഷനേറ്റിലോ, മറ്റ് സംവരണം മുഖേനയോ ആകെ ഒഴിവിന്റെ 50%-ത്തിൽ കൂടുതൽ അനുവദിക്കില്ല.

(d) കൊല്ലം ജില്ലയിൽ ഒരു ഒഴിവ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. കൂടുതൽ പോയിന്റ് ഉള്ളതിനാൽ തനിക്ക് കൊല്ലത്തേക്ക് ട്രാൻസ്ഫർ ലഭിച്ചു. Total points: 1813.

(e) സുരേഷ് കുമാർ എന്നയാൾ കൊല്ലം ജില്ലയിൽ 5 വർഷത്തിലേറെ ഭിന്നശേഷി സംവരണാനുകൂല്യം കിട്ടി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ റൂൾ

പ്രകാരം തനിക്ക് കിട്ടിയ സ്ഥലം മാറ്റം അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

(4) ശ്രീ ഷൈൻ ബോസ്. ബി ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) പൊതുവിദ്യാഭ്യാസം വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം, വൊക്കേഷണൽ ഇൻസ്ട്രക്ടർ-ഇൻ-അക്കൗണ്ടൻസി ആന്റ് ഓഡിറ്റിംഗ് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്ഥിരനിയമനം ലഭിച്ച് 20-01-2010 മുതൽ ഞാൻ ജോലി ചെയ്തുവരുന്നു.

(b) ആദ്യ നിയമനം ലഭിച്ചത് തിരുവനന്തപുരം ജില്ലയിലെ GVHSS പകൽക്കുറിയിലായിരുന്നു. തുടർന്ന് നടന്ന സ്ഥലം മാറ്റങ്ങളിൽ പത്തനംതിട്ട ജില്ലയിലെ GVHSS കീഴ്‌വായ്പൂര്, കോട്ടയം ജില്ലയിലെ GVHSS തൃക്കോതമംഗലം, തിരുവനന്തപുരം ജില്ലയിലെ ഗവ. തമിഴ് VHSS ചാല, തൃശ്ശൂർ ജില്ലയിലെ GVHSS തിരുവില്ലാമല, കോട്ടയം ജില്ലയിലെ GVHSS മുരിക്കുംവയൽ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

(c) 2025-ലെ പൊതുസ്ഥലം മാറ്റത്തിലൂടെ 10-9-2025 മുതൽ പത്തനംതിട്ട ജില്ലയിലെ GVHSS കൂടൽ സ്കൂളിൽ ജോലി ചെയ്തുവരുന്നു.

(d) പൊതുസ്ഥലം മാറ്റത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ അനുസരിച്ചാണ് 2025-ലെ പൊതുസ്ഥലം മാറ്റത്തിന് താൻ ഓൺലൈനായി അപേക്ഷ സമർപ്പിച്ചത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ സ്കൂളുകളിൽ ഓപ്ഷൻ സമർപ്പിച്ചിരുന്നു.

(e) പത്തനംതിട്ട ജില്ലയിലെ കൂടൽ സ്കൂളിൽ ഒഴിവുണ്ടായിരുന്നതിനാൽ, അവിടെ ഓപ്ഷൻ നൽകിയിരുന്നവരിൽ വെച്ച് കൂടുതൽ സേവന ദൈർഘ്യമുള്ള തനിക്ക് അവിടെ സ്ഥലമാറ്റം ലഭിച്ചു എന്ന് താൻ മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് എനിക്ക് യാതൊരുവിധ പരാതിയുമില്ല.

(5) പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) ശ്രീ. സുരേഷ്‌കുമാർ എൻ. കെ. Vocational Instructor in GVHSS രാജകുമാരി, ഇടുക്കി, ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത 0A - 1085/2025 കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ലേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) വിധിന്യായം പരാമർശം (6) പ്രകാരം നടപ്പിലാക്കിയും ഉത്തരവായിരുന്നു.

(b) ശ്രീ സുരേഷ് കുമാർ എൻ. കെ. യുടെ സേവന വിവരങ്ങൾ ചുവടെ നൽകുന്നു.

- 01/09/2011-01/07/2013-GVHSS, Vazhathoppu, Idukki.
- 10/07/2013-24/07/2018-GVHSS, Muttara, Kollam.
- 25/07/2018-21/08/2022-GVHSS, Vattenad, Palakkad.
- 28/08/2022-26/11/2024-GVHSS, Rajakumari, Idukki
- 27/11/2024-08/09/2025-GVHSS, Muttara, Kollam.
- 09/09/2025 - till date - GVHSS, Rajakumari, Idukki.

(c) മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 50% ഭിന്നശേഷിയുള്ള ശ്രീ. സുരേഷ് കുമാർ എൻ.കെ. 01/09/2011 തീയതിയിൽ ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, ജി.വി.എച്ച്.എസ്.എസ്-ൽ സേവനത്തിൽ പ്രവേശിച്ചു. 10/07/2013 മുതൽ 24/07/2018 വരെ 5 വർഷം ടിയാന്റെ ഹോം ജില്ലയായ കൊല്ലം ജില്ലയിലെ മുട്ടറ, ഗവ. ജി.വി.എച്ച്.എസ്-ൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

(d) ഭിന്നശേഷി അവകാശ നിയമ വ്യവസ്ഥകൾ പാലിച്ച് സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് ബഹു. കമ്മീഷൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ, ഖണ്ഡിക (7) പ്രകാരം പ്രഥമഗണനീയമോ, പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിന് സർവ്വീസിൽ ഒരിക്കൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഹോം സ്റ്റേഷനിൽ 5 വർഷത്തിൽ കൂടുതൽ ജോലിചെയ്തു വരുന്ന ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണന നൽകുന്നതല്ല.

(e) ശ്രീ. സുരേഷ് കുമാർ എൻ.കെ, ബഹു. ഭിന്നശേഷി കമ്മീഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മുട്ടറ, ഗവ.വി.എച്ച്.എസ്.എസ്-ൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഷിനുകുമാർ എസ്-നെ രാജകുമാരി, ഗവ. വി.എച്ച്.എസ്.എസ്-ലേക്ക് സ്ഥലംമാറ്റം നൽകി. ശ്രീ. സുരേഷ് കുമാർ എൻ.കെ-യെ മുട്ടറ ഗവ. വി.എച്ച്.എസ്.എസ്-ലേക്കും നിബന്ധനകളോടെ (Conditional) സ്ഥലംമാറ്റം നൽകി നിയമിച്ചു. രണ്ട് നിയമനങ്ങളും അടുത്ത പൊതുസ്ഥലം മാറ്റത്തിൽ ഓപ്പൺ വേക്കൻസി ആകുന്നതാണ് എന്ന് സ്ഥലംമാറ്റ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ കാരണത്താലാണ് ടി തസ്തിക ഓപ്പൺ വേക്കൻസി ആയി പരിഗണിച്ചത്.

(f) കൊല്ലം ജില്ലയിൽ, A&A തസ്തികയിൽ ഒരു വേക്കൻസി മാത്രമാണ് ഉള്ളത്. പരാമർശം (3) പൊതുസ്ഥലംമാറ്റ ഉത്തരവിലെ ഖണ്ഡിക 6(iv), ഖണ്ഡിക (ii) പ്രകാരം, ജില്ലാടിസ്ഥാനത്തിലെ ഒഴിവുകൾക്ക് ആനുപാതികമായി അനുകമ്പാർഹ സ്ഥലംമാറ്റം, മുൻഗണനാ സ്ഥലംമാറ്റം എന്നിവ നടക്കുമ്പോൾ, അത് ഒരു തസ്തികയിലെ ഒരു ജില്ലയിലുള്ള ആകെ ഒഴിവുകളുടെ 50% -ൽ

അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. മേൽ കാരണങ്ങളാൽ ശ്രീ. സുരേഷ് കുമാർ എൻ.കെ. യുടെ Annexure പരിഗണിച്ചുവെങ്കിലും മുട്ടറ ജി.വി.എച്ച്.എസ്.എസ്. -ൽ പൊതുസ്ഥലംമാറ്റം നൽകാനാവില്ല.

(g) ആയതിനാൽ ടിയാൻ 2025-26-ലെ ട്രാൻസ്ഫറിൽ ഉൾപ്പെട്ട് GVHSS രാജകുമാരിയിൽ സേവനം ചെയ്തിരുന്നു.

(h) ശ്രീ പ്രദീപ്. പി-യുടെ സേവന വിവരങ്ങൾ ചുവടെ നൽകുന്നു.

- 19/09/2011 - 28/09/2015 - GVHSS മുരിക്കുംവയൽ, കോട്ടയം
- 29/09/2015 - 31/08/2018 - VSNN GVHSS – ഒല്ലൂർ, തൃശ്ശൂർ
- 01/09/2018 - 25/08/2022 - GVHSS പകൽക്കുറി, തിരുവനന്തപുരം
- 02/09/2022 - 08/09/2025 - CHMK GVHSS കോട്ടപ്പുറം, കൊല്ലം
- 09/09/2025 - till date - GVHSS മുട്ടറ, കൊല്ലം

(i) ശ്രീ. പ്രദീപ്. പി-യുടെ ഹോം സ്റ്റേഷൻ കൊല്ലം ജില്ലയാണ്. ടിയാന്റെ ഔട്ട് സ്റ്റേഷൻ പോയിന്റ് 1813 ആയതിനാൽ നിലവിൽ കൊല്ലം ജില്ലയിൽ ഒഴിവുള്ള GVHSS മുട്ടറയിൽ ടിയാന് സ്ഥലം മാറ്റം നൽകിയിട്ടുള്ളതാണ്.

(j) ശ്രീ. ഷൈൻ ബോസിന്റെ ഹോം സ്റ്റേഷൻ തിരുവനന്തപുരം ജില്ലയാണ്. തിരുവനന്തപുരം ജില്ലയിൽ ടിയാന് സ്ഥലം മാറ്റം നൽകാൻ ഒഴിവില്ലാത്തതിനാൽ പത്തനംതിട്ട ജില്ലയിലെ കൂടൽ GVHSS-ൽ സ്ഥലം മാറ്റം നൽകുകയുണ്ടായി. ടിയാന്റെ ഔട്ട് സ്റ്റേഷൻ പോയിന്റ് 876 ആണ്. മാത്രമല്ല, ഹോംസ്റ്റേഷനിലേക്കുള്ള സ്ഥലം മാറ്റങ്ങളിൽ മാത്രമേ ഔട്ട്സ്റ്റേഷൻ ലെങ്ത് പരിഗണിക്കുകയുള്ളൂ. കൊല്ലം മുട്ടറ GVHSS-ൽ കൂടുതൽ ഔട്ട്സ്റ്റേഷൻ ലെങ്ത് ഉള്ള ശ്രീ. പ്രദീപ്. പി-യെ ഹോം സ്റ്റേഷനിൽ ട്രാൻസ്ഫർ നൽകുകയും Advice Seniority-യിൽ മുകളിലുള്ള ശ്രീ. ഷൈൻ ബോസിന് കൂടൽ GVHSS-ൽ ട്രാൻസ്ഫർ നൽകുകയും Advice Seniority കുറവുള്ള പരാതിക്കാരനെ നിലവിലുള്ള വേക്കൻസിയിൽ ഉൾപ്പെടുത്തി GVHSS രാജകുമാരിയിൽ സ്ഥലംമാറ്റം നൽകുകയുമുണ്ടായി.

(k) ആയതിനാൽ ടി ട്രാൻസ്ഫർ നടപടികൾ ക്രമപ്രകാരമെന്നും പരാതിക്കാരന്റെ ആവശ്യം നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്നും അറിയിക്കുന്നു.

(6) ഇടുക്കി ജില്ലയിലെ രാജകുമാരി Govt. VHSS-ലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. സുരേഷ് കുമാർ എൻ. കെ. സമർപ്പിച്ച അപ്പീൽ അപേക്ഷ ടിയാൻ ഉന്നയിച്ച വാദങ്ങളുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. സുരേഷ് കുമാർ എൻ. കെ. , ശ്രീ. പ്രദീപ്.പി എന്നിവരുടെ ഹോം സ്റ്റേഷൻ കൊല്ലം ജില്ലയാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ ജീവനക്കാരുടെ

പൊതുസ്ഥലമാറ്റത്തിനായുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) ഉത്തരവിൽ, ജില്ലാ അടിസ്ഥാനത്തിലെ ഒഴിവുകൾക്ക് ആനുപാതികമായി ആനുകമ്പാർഹ സ്ഥലമാറ്റം, മുൻഗണന സ്ഥലമാറ്റം എന്നിവ നടക്കുമ്പോൾ അത് ഒരു തസ്തികയിലെ ഒരു ജില്ലയിലുള്ള ആകെ ഒഴിവുകളുടെ 50% ൽ അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അക്കൗണ്ടൻസി & ഓഡിറ്റിംഗ് തസ്തികയിൽ ഒരു ഒഴിവ് മാത്രമാണ് ഉണ്ടായിരുന്നത്.

(7) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവും നിയമനവും സംബന്ധിച്ച് പരാമർശം (4) ഉത്തരവിൽ പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട പ്രഥമഗണനിയ വിഭാഗത്തിൽപ്പെട്ടവർക്ക് 60% ൽ അധികം ഡിസെബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേക്ക് പൊതുസ്ഥലമാറ്റത്തിന് സംരക്ഷണം നൽകണമെന്നും ഇത്തരം വ്യക്തികൾക്ക് 5 വർഷം കഴിയുന്ന മുറയ്ക്ക് തൊട്ടടുത്ത സ്റ്റേഷനിലേക്കോ, തൊട്ടടുത്ത സ്റ്റേഷനിൽ ഒഴിവില്ലാത്ത പക്ഷം തൊട്ടടുത്ത ജില്ലയിലേക്കോ സ്ഥലംമാറ്റം നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. സുരേഷ് കുമാർ എൻ. കെ-യ്ക്ക് മെഡിക്കൽ ബോർഡ് ലഭ്യമാക്കിയ സർട്ടിഫിക്കറ്റിൽ 50% ഭിന്നശേഷിയുണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ നിലവിലുള്ള പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഹോം സ്റ്റേഷനിൽ 5 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന പരിരക്ഷിക്കപ്പെട്ട മേൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രത്യേക പരിഗണന നൽകേണ്ട ആവശ്യവുമില്ല.

(8) പൊതു സ്ഥലമാറ്റം സംബന്ധിച്ചുള്ള ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിൽ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നീഷ്യൻ/ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ ഹോം സ്റ്റേഷനിലേക്കുള്ള സ്ഥലമാറ്റത്തിന് ഹോം സ്റ്റേഷന് പുറത്തുള്ള സർവ്വീസ് ദൈർഘ്യം മാത്രവും, ഹോം സ്റ്റേഷൻ ഒഴികെയുള്ള സ്റ്റേഷനുകളിലേക്കുള്ള സ്ഥലമാറ്റത്തിന് ജീവനക്കാരുടെ അതത് തസ്തികയിലെ മൊത്തം സർവ്വീസ് ദൈർഘ്യവും ആയിരിക്കും സീനിയോറിറ്റി കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. പ്രദീപ് പി, ശ്രീ. സുരേഷ് കുമാർ എൻ. കെ എന്നിവരുടെ ഹോം സ്റ്റേഷൻ കൊല്ലം ജില്ലയാണെങ്കിലും ഔട്ട് സ്റ്റേഷൻ പോയിന്റ് യഥാക്രമം 1813-ഉം 1390-ഉം ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഔട്ട് സ്റ്റേഷൻ പോയിന്റ് കൂടുതൽ ലഭിച്ചിട്ടുള്ള ശ്രീ. പ്രദീപ് പി യ്ക്ക് കൊല്ലം ജില്ലയിലെ മുട്ടറ GVHSS-ൽ സ്ഥലമാറ്റം നൽകിയതിലും Advice Seniority-യിൽ മുകളിലുള്ള ശ്രീ ഷൈൻ ബോസിന് പത്തനംതിട്ട ജില്ലയിലെ കൂടൽ Govt. VHSS -ൽ സ്ഥലം മാറ്റം നൽകിയതിലും അപാകത ഉള്ളതായി കാണുന്നില്ല.

(9) മേൽ സാഹചര്യത്തിൽ മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി

സർട്ടിഫിക്കറ്റ് പ്രകാരം **50%** ഭിന്നശേഷിയുള്ള ഇടുക്കി ജില്ലയിലെ രാജകുമാരി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. സുരേഷ് കുമാർ എൻ.കെ-യ്ക്ക് പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിഗണന ഹോം സ്റ്റേഷനിലേയ്ക്കുള്ള സ്ഥലം മാറ്റത്തിന് ഇതിന് മുൻപ് നൽകിയിട്ടുള്ളതിനാലും, കൊല്ലം ജില്ലയിലെ ആകെ ഉണ്ടായിരുന്ന ഒരു ഒഴിവിൽ ടിയാനെക്കാൾ ഹോംസ്റ്റേഷൻ പോയിന്റിന് ഔട്ട് സ്റ്റേഷൻ പോയിന്റ് കൂടുതലുള്ള അപേക്ഷകൻ വേറെ ഉണ്ടായിരുന്നതിനാലും കൊല്ലം ജില്ലയിലെ മുട്ടറ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചില്ലെന്ന അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ടും ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. സുരേഷ് കുമാർ എൻ . കെ , വൊക്കേഷണൽ ഇൻസ്ട്രക്ടർ, **GVHSS** രാജകുമാരി, ഇടുക്കി
ശ്രീ. പ്രദീപ് പി, വൊക്കേഷണൽ ഇൻസ്ട്രക്ടർ, **GVHSS** മുട്ടറ, കൊല്ലം
ശ്രീ. ഷൈൻ ബോസ് ബി, വൊക്കേഷണൽ ഇൻസ്ട്രക്ടർ, **GVHSS** കൂടൽ, പത്തനംതിട്ട
വിവര- പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (*ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്*)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 08-06-2026 13:13:28
സെക്ഷൻ ഓഫീസർ